എം എച്ച് നാസർ

നെയ്യാറ്റിൻകര

സിപിഐ എം നെയ്യാറ്റിൻകര ടൗൺ ലോക്കൽ കമ്മിറ്റിയംഗം ടിബി ജങ്ഷനിൽ പ്ലാവിള ബീമാതായിൽ എം എച്ച് നാസർ (55) അന്തരിച്ചു. ടിബി ജങ്ഷനിലെ ടൗൺ മാർക്കറ്റിൽ ഫിഷ് കമീഷൻ ഏജന്റായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ഒരുമാസത്തോളമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ചൊവ്വ രാത്രി പതിനൊന്ന് മണിയോടെയായിരുന്നു മരണം. ഭാര്യ: ഷാഹിത. മക്കൾ: അർഫാജ്, നാജിയ (നഴ്സിങ് വിദ്യാർഥിനി). കെ ആൻസലൻ എംഎൽഎ, സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം കെ എസ് സുനിൽകുമാർ, മുനിസിപ്പൽ ചെയർമാൻ പി കെ രാജ്മോഹൻ, സിപിഐ എം ഏരിയ സെക്രട്ടറി ടി ശ്രീകുമാർ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.

പൊന്നമ്മ

കാരേറ്റ്

കാഞ്ഞിരംപാറ വിളയിൽ വീട്ടിൽ പൊന്നമ്മ (87) അന്തരിച്ചു. സഞ്ചയനം തിങ്കൾ ഒമ്പതിന്.

മാധവൻ നായർ

മൂങ്ങോട്

മഞ്ചാടി സ്യമന്തകത്തിൽ മാധവൻ നായർ (87) അന്തരിച്ചു. ഭാര്യ: പി മാധവിയമ്മ. മക്കൾ: രേണുക, വിജയകുമാർ. മരുമക്കൾ: വി ചന്ദ്രശേഖരൻ നായർ, ശശികല. സഞ്ചയനം ഞായറാഴ്ച.

ആർ രാജേന്ദ്രൻ

വർക്കല

മുട്ടപ്പലം തച്ചോട് സപ്ന നിവാസിൽ ആർ രാജേന്ദ്രൻ (70) അന്തരിച്ചു. ഭാര്യ: ടി ഷൈല. മക്കൾ: സപ്ന, ഷാര. മരുമക്കൾ: റെജി, സുജി.

103-ാം വയസ്സിൽ

കല്ലമ്പലം

വടകോട്ട് നീരാഞ്ജനത്തിൽ പി വാസുദേവൻപിള്ള (103) അന്തരിച്ചു. ഭാര്യ: പി ഭവാനിയമ്മ. മക്കൾ: ലളിതകുമാരി, വിജയരാജൻ, ലത. മരുമക്കൾ: എം കെ രാധാകൃഷ്ണൻ (സിപിഐ എം വഞ്ചിയൂർ ലോക്കൽ സെക്രട്ടറി), സുദർശനകുമാർ. സഞ്ചയനം 26ന് എട്ടിന്.

എസ് ചന്ദ്രിക

എസ്റ്റേറ്റ്

കുന്നുകാട് പ്ലാങ്കാലമുക്ക് എസ് ചന്ദ്രിക (64) അന്തരിച്ചു. ഭർത്താവ്: സുകുമാരൻ. മക്കൾ: ഷീജ, സജിത, സുനിത. മരുമക്കൾ: സതീഷ്, ഉദയകുമാർ, ബൈജു. സഞ്ചയനം ഞായർ 8.30ന്.

കെ തങ്കമ്മ

തോന്നയ്ക്കൽ

കണ്ണങ്കരകോണം രേവതിയിൽ കെ തങ്കമ്മ (93) അന്തരിച്ചു. ഭർത്താവ്: പരേതനായ ചക്രപാണി ആശാൻ. മക്കൾ: സി സുന്ദരേശൻ, സി പുഷ്പാംഗദൻ, ചന്ദ്രിക, വിജയമ്മ, ഷീല, പരേതരായ സി ശശിധരൻ ജോത്സ്യർ, സി വിജയൻ. മരുമക്കൾ: ശ്രീകല, ഗിരിജകുമാരി, ഷീജ, ഉഷ, രാമചന്ദ്രൻ, പരേതരായ ബി സുരേന്ദ്രൻ, എസ് സുരേന്ദ്രൻ. സഞ്ചയനം ഞായർ ഒമ്പതിന്.

എം രാജമ്മ

വെള്ളറട

കാരമൂട് കെ ആർ ഭവനിൽ എം രാജമ്മ (91) അന്തരിച്ചു. സംസ്കാരം ശനി രാവിലെ ഒമ്പതിന്. ഭർത്താവ്: പരേതനായ എൻ കുട്ടൻ നാടാർ. മക്കൾ: പരേതയായ ഗോമതി, കെ റബായേൽ, ആർ വിജയമ്മ, ആർ ഉഷ. മരുമക്കൾ: പരേതനായ ഇസ്രായേൽ, വി ഉഷ, ആർ യേശുദാസൻ, എസ് രാജൻ.

സലാഹുദ്ദീൻ

അണ്ടൂർക്കോണം

ആമ്പല്ലൂർ മേലെ വടക്കേവിളാകത്ത് വീട്ടിൽ സലാഹുദ്ദീൻ (75) അന്തരിച്ചു. ഭാര്യ: നസീമ ബീവി. മക്കൾ: നിജാമുദ്ദീൻ, ഷീബ, ജാസ്മിൻ, നിഷാത്ത്. മരുമക്കൾ: ജിൻസി, താഹിറുദ്ദീൻ, താഹിർ, മുഹമ്മദ് ഷാഫി.

യശോദ

വെള്ളറട

കരിക്കറത്തല ആനവോട് ഗോകുലത്തിൽ യശോദ (69) അന്തരിച്ചു. ഭർത്താവ്: പരേതനായ ദിവാകര പണിക്കർ. മക്കൾ: ബിന്ദുകുമാരി, സിന്ധു കുമാരി, ഗോപകുമാർ. മരുമക്കൾ: മധു, ഹരിഹരൻ, സുരഭി. സഞ്ചയനം തിങ്കൾ എട്ടിന്.

കെ സുകുമാരൻ

തിരുവല്ലം

മണമേൽ ബൈപാസ് റോഡ് ശാന്താനിവാസിൽ കെ സുകുമാരൻ (75) അന്തരിച്ചു. ഭാര്യ: പരേതയായ ശാന്ത. മക്കൾ: ഉദയകുമാർ (തിരുവല്ലം ഉദയൻ), വിജയകുമാർ, കുമാർ. മരുമക്കൾ: സുലജ ആർ, സുപ്രിയ, റീന. സഞ്ചയനം തിങ്കൾ രാവിലെ എട്ടിന്.

സരസമ്മ

പാറശാല

പരശുവയ്ക്കൽ മേലെക്കോണം പ്ലാങ്കാല പുത്തൻവീട്ടിൽ സരസമ്മ (79) അന്തരിച്ചു. ഭർത്താവ്: പരേതനായ മാണിക്യം ആശാരി. മക്കൾ: എം രാമചന്ദ്രൻ (ഡിഎൽഎഫ് കുടപ്പനക്കുന്ന് അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്), എം നന്ദകുമാർ (പഞ്ചായത്ത്, പാറശാല), എം വിനു കുമാർ (ഒമാൻ). മരുമക്കൾ: ആർ വി അനുകുമാരി, വി എൻ യാമിനി , വി ആർ സീതാലക്ഷ്മി. സഞ്ചയനം തിങ്കൾ ഒമ്പതിന്.

കെ ശാന്ത

തിരുവല്ലം

നെല്ലിയോട് ചൈത്രംഭവനിൽ കെ ശാന്ത (78) അന്തരിച്ചു. ഭർത്താവ്: പരേതനായ എൻ ശശിധരൻ. മക്കൾ: ആനന്ദ്, ശൈലജ. മരുമക്കൾ: കുമാർ, ചിത്രലേഖ.

എ കെ സുരേഷ്കുമാർ

കുളത്തൂർ

തേവണഞ്ചവരമ്പുവീട്ടിൽ എ കെ സുരേഷ്കുമാർ (60) അന്തരിച്ചു. ഭാര്യ: വസന്തകുമാരി. മക്കൾ: ദിയ സുരേഷ്, ദീപക് സുരേഷ്. സഞ്ചയനം ഞായർ 8.30ന്.

രാധമ്മ

കരകുളം

പുരവൂർക്കോണം ജിജോ ഭവനിൽ രാധമ്മ (78) അന്തരിച്ചു. ഭർത്താവ്: പരേതനായ മണിയൻ. മക്കൾ: ബാബുരാജ്, പുഷ്പലത. മരുമക്കൾ: സജിത, മനോഹരൻ. സഞ്ചയനം വ്യാഴം.

ശ്രീദേവിയമ്മ

വർക്കല

കുരയ്ക്കണ്ണി പ്ലാവിളവീട്ടിൽ ശ്രീദേവിയമ്മ (90) അന്തരിച്ചു. ഭർത്താവ്: പരേതനായ മാധവൻ പിള്ള. സഞ്ചയനം ഞായർ എട്ടിന്.

നിയാസ്

പോത്തൻകോട്

ചെറുവില്ലി മുസ്ലിം പള്ളിക്ക് സമീപം പൊയ്കയിൽ വീട്ടിൽ നിയാസ് (46) അന്തരിച്ചു. ഭാര്യ: ജാസ്മിൻ. മക്കൾ: മെഹബൂബ, ഹബീബ് മുഹമ്മദ്.

അജികുമാർ

നേമം

കുളകുടിയൂർക്കോണം തുണ്ടുവിള വീട്ടിൽ അജികുമാർ (46) അന്തരിച്ചു. മക്കൾ: സായി, സരിഗ. പ്രാർഥന ഞായർ മൂന്നിന്.

വിദ്യാസാഗർ

കാര്യവട്ടം

പുല്ലാന്നിവിള പാരഡൈസിൽ വിദ്യാസാഗർ (77) അന്തരിച്ചു. ഭാര്യ: എസ്പിൻ സാഗർ. മക്കൾ: ഷെറിൻ സാഗർ, സുബിൻ സാഗർ. മരുമകൾ: അഖില സുബിൻ. പ്രാർഥന ഞായർ 3.30ന്.

എസ് എ ശ്രീജിത്ത്

വിളവൂർക്കൽ

മലയം രോഹിണി നിവാസിൽ എസ് എ ശ്രീജിത്ത് (31) അന്തരിച്ചു. അച്ഛൻ: സോമൻ. അമ്മ: അനിത. ഭാര്യ: ജെ എസ് അപർണ. മകൾ: ദിയ ശ്രീജിത്ത്. സഞ്ചയനം ഞായർ 8.30ന്.

ആർ ബീന

വെള്ളായണി

ശാന്തിവിള സർവോദയം റോഡ് ഹരിനന്ദനത്തിൽ ആർ ബീന (43) അന്തരിച്ചു. ഭർത്താവ്: സന്തോഷ്. മക്കൾ: ശ്രീഹരി, ശ്രീനന്ദ. സഞ്ചയനം ഞായർ എട്ടിന്.

രാജമ്മയമ്മ

പോത്തൻകോട്

പണിമൂല പോരുത്തലവീട്ടിൽ രാജമ്മയമ്മ (89) അന്തരിച്ചു. മകൻ: ശ്രീകണ്ഠൻ നായർ. മരുമകൾ: പ്രഭകുമാരി. സഞ്ചയനം ചൊവ്വാഴ്ച 8.30ന്.

ബഹ്റൈനിൽ അന്തരിച്ചു

ചാക്ക

താഴശേരി 58എ താരയിൽ എ ഷക്കീർ ഖാൻ (53) അന്തരിച്ചു. സംസ്കാരം വെള്ളി രാത്രി എട്ടിന് പേട്ട മുസ്ലിം പള്ളിയിൽ. ഭാര്യ: ഷിമി ഷക്കീർ. മക്കൾ: ഹിഷാം എസ് ഖാൻ, റയാൻ എസ് ഖാൻ.

എം അമീർ ഖാൻ

കോവളം

കെഎസ് റോഡ് വാറുവിള വീട്ടിൽ എം അമീർ ഖാൻ (71, പിഡബ്ല്യുഡി കോൺട്രാക്ടർ) അന്തരിച്ചു. ഭാര്യ: സാഹിറാ ബാനു. മക്കൾ: അഷീഫ്ഖാൻ (ബിസിനസ്), അനൂജ (ഡോക്ടർ). മരുമകൻ: താരിഖ് മുഹമ്മദ് (എൻജിനിയർ). ഖബറടക്കം വെള്ളി ഒമ്പതിന് വിഴിഞ്ഞം വടക്കുംഭാഗം ജുമാമസ്ജിദിൽ.

ജെ മേരി തങ്കം

കോവളം

കല്ലൻ സാഹിബ്റോഡ് ഗ്രേസിൽ ജെ മേരി തങ്കം (75) അന്തരിച്ചു. ഭർത്താവ്: പാസ്റ്റർ ഇ വിൻസെന്റ് (പൊന്നയ്യൻ മേസ്തിരി). മക്കൾ: പരേതനായ വി ക്ലീറ്റസ്, വിജയരാജ്, പാസ്റ്റർ വിക്ടർ രാജ് (ബൈജു). മരുമക്കൾ: അൽഫോൺസാ ക്ലീറ്റസ്, സുനിത വിജരാജ്, റാണി വികടർ രാജ് .

പുരുഷോത്തമൻ

വെഞ്ഞാറമൂട്

കല്ലറ മുതുവിള വനത്തിൽ വീട്ടിൽ പുരുഷോത്തമൻ (82) അന്തരിച്ചു. ഭാര്യ: ശാരദ. മക്കൾ: അനിൽകുമാർ, റിനികുമാർ. മരുമക്കൾ: അരുണിമ, ഷിജി.

റോസി

പൊന്നുരുന്നി

മണവാളൻ റോസി (74) അന്തരിച്ചു. ഭർത്താവ്: പരേതനായ ജോർജ്.

ബേബി ജോസഫ്

തിരുവാങ്കുളം

പറപ്പിള്ളി റോഡ് ആലുങ്കര ബേബി ജോസഫ് (62) അന്തരിച്ചു. സംസ്കാരം വെള്ളി പകൽ 2.30ന് തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. ഭാര്യ: മേരി ജോസഫ് (ആൻസി, റിട്ട. അധ്യാപിക). മക്കൾ: നെവിൻ, ഡാനി. മരുമകൾ: അക്ഷര.

ട്രീസ

ഓച്ചന്തുരുത്ത്

പാലക്കൽ ട്രീസ (80) അന്തരിച്ചു. സംസ്കാരം വെള്ളി പകൽ 11ന് ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി സെമിത്തേരിയിൽ. കോട്ടുവള്ളി കാട്ടുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ പീറ്റർ. മക്കൾ: ഗ്ലോമി, ഗോഡ്സൺ, റൂഫസ് (റൂബൻ വാട്ടർ വേൾഡ്). മരുമക്കൾ: തോമസ്, ലൈമ, മാർഗ്രേറ്റ് സുനി.

മൈതീൻ

പെരുമ്പാവൂർ

കണ്ടന്തറ ചിരയ്ക്കക്കുടി മൈതീൻ (86) അന്തരിച്ചു. ഖബറടക്കം നടത്തി. ഭാര്യ: പരേതയായ പാത്തുമ്മ. മക്കൾ: സിറാജ്, നിഷ. മരുമക്കൾ: ബിൻസി, മാഹീൻ.

തങ്കമ്മ

തൃപ്പൂണിത്തുറ

പിഎംഎ റോഡ് മുട്ടത്ത് തങ്കമ്മ (93) അന്തരിച്ചു. സംസ്കാരം വെള്ളി രാവിലെ 9.30ന് നടമേൽ മർത്ത് മറിയം യാക്കോബായ പള്ളി സെമിത്തേരിയിൽ. കരിങ്ങാച്ചിറ മാന്നുള്ളിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ യോഹന്നാൻ. മക്കൾ: തമ്പി, ചെറിയാൻ, ഏലിയാസ്, വത്സ, മോളി, കുഞ്ഞുമോൻ, സുജ. മരുമക്കൾ: അല്ലി, സൂസി, അമ്മിണി, നിഷ, പരേതരായ വർഗീസ്, ജോർജ്, റെജി.

രാജഗോപാലമേനോൻ

പന്നിയങ്കര

രാജ നിവാസ് കീരംപള്ളി രാജഗോപാല മേനോൻ (74) അന്തരിച്ചു. സഞ്ചയനം ഞായറാഴ്ച. ഭാര്യ: കൽപ്പള്ളി പ്രഭാവതിഅമ്മ. അച്ഛൻ: പരേതനായ യു ജി ഗോവിന്ദമേനോൻ. അമ്മ: പരേതയായ ലക്ഷ്മിക്കുട്ടിഅമ്മ.

അബ്ദുറസാഖ്

നൈനാംവളപ്പ്

നബീസ മൻസിലിൽ അബ്ദുറസാഖ് (59, ഹയർ ഗുഡ്സ്) അന്തരിച്ചു. ഭാര്യ: കുൽസു. മക്കൾ: ഉമ്മർ ഫാറൂഖ്, ശരീകത്ത് ബീവി, നഫീസത്തുൽ ഖുബ്റ, മറിയമ്പി, ആയിശ ഫർമിദ. മരുമക്കൾ: നൗഷാദ് കൊടുവള്ളി, എൻ വി നൗഷാദ്, മുഹമ്മദ് മുസ്തഫ(ഹിൽസൺ), ഹാരിസ്.

ത്രേസ്യാമ്മ

പടത്തുകടവ്

കുഴിച്ചോർ മണ്ണിൽ ത്രേസ്യാമ്മ (91) അന്തരിച്ചു. പാലാ നെച്ചിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ്: ആദ്യകാല കുടിയേറ്റ കർഷകൻ പുരയിടത്തിൽ ചെറിയാൻ. മക്കൾ : മേരി, റാണി, ജോസ്, അൻസമ്മ, ജിമ്മി. മരുമക്കൾ: തോമസ് നരിമറ്റം മലാപ്പറമ്പ് (റിട്ട. ഡിവൈഎസ്പി), എൻ സി ജോസ് നെഴുകുംകാട്ടിൽ (റിട്ട. അധ്യാപകൻ എ ജെ ജോൺ മെമ്മോറിയൽ ഹൈസ്കൂൾ ചാത്തങ്കോട്ടുനട), പി ജെ തോമസ് പുല്ലാട്ട് കരുവഞ്ചാൽ, ഷിബി കൊട്ടുകാപ്പള്ളിയിൽ, ബിന്ദു നടുങ്കല്ലേൽ.

പ്രഭാകരൻ

പേരാമ്പ്ര

കിഴക്കൻ പേരാമ്പ്രയിലെ പൊയിൽകണ്ടി പ്രഭാകരൻ (54) അന്തരിച്ചു. അച്ഛൻ: പരേതനായ കുഞ്ഞിരാമൻ. അമ്മ: മാണി. ഭാര്യ: ഷൈമ (പയ്യോളി). മക്കൾ: നന്ദന, ആദിഷ്. സഹോദരങ്ങൾ: ബാലകൃഷ്ണൻ (പോസ്റ്റ് മാസ്റ്റർ തണ്ടോറപ്പാറ), ചന്ദ്രൻ, പ്രകാശൻ, പരേതരായ കമല, വിജയൻ.

വീടിനുള്ളിൽ മരിച്ചനിലയിൽ

ചാല

ക്രിമിനൽ കേസുകളിൽ പ്രതിയായ യുവാവിനെ വീടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തി. ആറ്റുകാൽ ബണ്ട് റോഡ് ടിസി 54/235 എസ്ജിഎസ് ബിൽഡിങ്ങിൽ അരുൺ എസ് നായർ (34) ആണ് മരിച്ചത്. ഇയാൾ വീടിനോട് ചേർന്ന് വർക് ഷോപ്പ് നടത്തിവരികയായിരുന്നു. വീട്ടിൽ തനിച്ചാണ് താമസം. അരുൺ കഴിഞ്ഞ ദിവസം വീടിനുള്ളിൽ സംഘം ചേർന്ന് മദ്യപിച്ചതായി പൊലീസ് പറഞ്ഞു.

അസ്വാഭാവിക മരണത്തിന് ഫോർട്ട് പൊലീസ് കേസെടുത്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ വ്യക്തമാകൂ എന്ന് പൊലീസ് പറഞ്ഞു.

പത്താംക്ലാസ് വിദ്യാർഥി പാമ്പുകടിയേറ്റ് മരിച്ചു

പൂഴനാട്

അഭിനവ്

പൂഴനാട് ജങ്ഷനിൽ സുനിൽ ഹൗസിൽ അഭിനവ് (15) പാമ്പ് കടിയേറ്റു മരിച്ചു. പൂഴനാട് ലയോള സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയാണ്. വ്യാഴം വൈകിട്ട് നാലിന് വീട്ടിനുള്ളിൽനിന്നാണ് കടിയേറ്റത്. തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. അച്ഛൻ: സുനിൽ (ഓട്ടോ ഡ്രൈവർ). അമ്മ: മഞ്ജുഷ.

സൈക്കിൾ കടക്കാരന്റെ മൃതദേഹം റോഡിൽ

ഫറോക്ക്

പി ടി അഷ്റഫ്

സൈക്കിൾ കടക്കാരന്റെ മൃതദേഹം നഗരത്തിലെ റോഡിൽ കണ്ടെത്തി. ഫറോക്ക് കരുവൻതിരുത്തി റോഡിൽ റൂബി റോഡിന് സമീപം സൈക്കിൾ –മോട്ടോർ സൈക്കിൾ റിപ്പയറിങ് കട നടത്തിയിരുന്ന കൊളത്തറ കളത്തിങ്ങൽ പറമ്പിൽ പി ടി അഷ്റഫി (52) ന്റെ മൃതദേഹമാണ് ഫറോക്ക് ടിപ്പു കോട്ടയിലേക്കുള്ള റോഡിൽ കണ്ടെത്തിയത്.

വ്യാഴം പുലർച്ചെയാണ് ഫറോക്ക് ചന്തക്കടവ് ടൗൺ റോഡിൽനിന്നും സബ് ട്രഷറിയുടെ അരികിലൂടെ ടിപ്പു കോട്ടയിലേക്ക് പോകുന്ന റോഡിൽ തലയ്ക്ക് മുറിവേറ്റ നിലയിൽ മൃതദേഹം കണ്ടത്. ഇയാളുടെ ബൈക്കും സമീപത്തുണ്ടായിരുന്നു. ഫറോക്ക് പൊലീസെത്തി അസ്വാഭാവിക മരണത്തിന് കേസെടുത്തു..

ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും എത്തി തെളിവ് ശേഖരിച്ചു. മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം കൊളത്തറ വടക്കേ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കി. കൊളത്തറ പണ്ടാരതോപ്പിൽ പരേതനായ ആലിഹാജിയുടെയും പരേതയായ പാത്തെയ്യുടെയും മകനാണ്. സഹോദരങ്ങൾ : മൊയ്തീൻ കോയ, ഹസ്സൻ കോയ, ബിച്ചിപ്പാത്തു, സുബൈദ, സഫിയ, പരേതയായ കദീജ.

വൈദ്യുതാഘാതമേറ്റ് യുവാവ് മരിച്ചു

പടിഞ്ഞാറത്തറ

അഖിൽ കെ ലാലു

പ്ലംബിങ് ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് യുവാവ് മരിച്ചു. കാപ്പിക്കളം കുന്നത്ത് വീട് അഖിൽ കെ ലാലു (29) ആണ് മരിച്ചത്. വ്യാഴം പകൽ അഞ്ചോടെ ആലക്കണ്ടിയിൽ ഒരു വീട്ടിൽ ജോലിക്കിടെ വൈദ്യുതാഘാതമേൽക്കുകയായിരുന്നു.

അച്ഛൻ: ലാലു. അമ്മ: ബിന്ദു. സഹോദരൻ: അമൽ കെ ലാലു.

മൊയാരം രക്തസാക്ഷിത്വത്തിന് നാളെ എഴുപത്തഞ്ചാണ്ട്

പോർനിലത്തുദിച്ച രക്തതാരകം

പി ദിനേശൻ

തലശേരി

“രാവിലെ കിട്ടിയ മാതൃഭൂമി പത്രം കൈയിൽപിടിച്ച് കെ കേളപ്പൻ ഇടിവെട്ടേറ്റപോലെ തരിച്ചിരിക്കുന്നതുകണ്ടു. അദ്ദേഹത്തെ അത്ര അസ്വസ്ഥനായി അതിനുമുമ്പോ പിന്നീടോ ഞാൻ കണ്ടിട്ടില്ല. ഞാൻ പത്രമെടുത്ത് നോക്കി. സ. മൊയാരത്ത് ശങ്കരൻ പൊലീസ് ലോക്കപ്പിൽ മരിച്ചുവെന്ന വാർത്തയായിരുന്നു അത്. ഞാനാകെ ഞെട്ടിപ്പോയി”– ‘ഞാനെങ്ങനെ മാർക്സിസ്റ്റായി’ എന്ന ലേഖനത്തിൽ തായാട്ട് ശങ്കരൻ കുറിച്ച വാക്കുകൾ.

കോൺഗ്രസിന്റെ ചരിത്രമെഴുതിയ, സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായ മൊയാരത്ത് ശങ്കരനെ കോൺഗ്രസ് കുറുവടിപ്പടയും പൊലീസും ചേർന്ന് അടിച്ചുകൊന്നിട്ട് ശനിയാഴ്ച 75 വർഷമാകുന്നു. പത്രപ്രവർത്തകൻ, സാഹിത്യകാരൻ, ചരിത്രകാരൻ, സാമൂഹ്യപരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം നിറഞ്ഞുനിന്ന അതുല്യ വിപ്ലവകാരിയും സംഘാടകനുമായിരുന്നു മൊയാരം. അറസ്റ്റും ജയിൽവാസവും ഒളിവുജീവിതവും പോരാട്ടവും കൂടിച്ചേർന്ന സമരഭരിതമായ ജീവിതം. അനീതിയോട് സന്ധിചെയ്യാതെ ജീവിതാന്ത്യംവരെ പൊരുതിനിന്നു. കമ്യൂണിസ്റ്റ് പാർടിയുടെ പരസ്യപ്രവർത്തനം വിളംബരം ചെയ്ത പാറപ്രം സമ്മേളനത്തിന്റെ നേതൃനിരയിൽ മൊയാരവുമുണ്ടായിരുന്നു.

വൈദ്യശാസ്ത്രപഠനം ഉപേക്ഷിച്ച് സ്വാതന്ത്ര്യപ്പോരാട്ടത്തിൽ

ഗാന്ധിജിയുടെ നേതൃത്വത്തിൽ നിസ്സഹകരണ പ്രസ്ഥാനം തുടങ്ങിയപ്പോൾ കൊൽക്കത്ത നാഷണൽ മെഡിക്കൽ കോളേജിലെ വൈദ്യശാസ്ത്രപഠനം അവസാനിപ്പിച്ച് ദേശീയപ്രസ്ഥാനത്തിലേക്ക് എടുത്തുചാടിയ വിദ്യാർഥി. കോൺഗ്രസ് കുറുമ്പ്രനാട് താലൂക്ക് സെക്രട്ടറിയായിരുന്ന മൊയാരം, 1930 ഏപ്രിൽ 13ന് കോഴിക്കോട്ടുനിന്ന് പയ്യന്നൂരിലേക്ക് നടത്തിയ ഉപ്പുസത്യഗ്രഹ ജാഥയുടെ പൈലറ്റായി. ആശയപ്രചാരണത്തിനുള്ള ഫലപ്രദമായ ആയുധമാണ് പത്രമെന്ന് തിരിച്ചറിഞ്ഞ ആദ്യകാല പത്രാധിപരുമാണ് മൊയാരം.

മൊയാരത്ത് ശങ്കരൻ

ചൊക്ലി നിടുമ്പ്രത്തെ മൊയാരത്ത് ചിരുതൈഅമ്മയുടെയും തയ്യിപ്പള്ളി കുങ്കക്കുറുപ്പിന്റെയും മകനായാണ് ജനനം. തലശേരി മിഷൻ സ്കൂളിൽ ഏഴാംക്ലാസിൽ പഠിക്കുമ്പോഴാണ് ശ്രീനാരായണഗുരു ജഗന്നാഥ ക്ഷേത്രത്തിന് കുറ്റിയടിക്കാനെത്തിയതെന്ന് ആത്മകഥയിൽ മൊയാരം രേഖപ്പെടുത്തിയിട്ടുണ്ട്. കാവ്യരചനയിൽ മൊയാരത്തിനെ പ്രോത്സാഹിപ്പിച്ചവരിൽ മഹാകവി കുമാരനാശാനുമുണ്ട്.

ചൊക്ലി നിടുമ്പ്രത്തെ മൊയാരത്ത് ശങ്കരന്റെ വീട്

കോൺഗ്രസിന്റെ ‘ധർമ കൃത്യം’

കോയ്യോട്ടുള്ള ഭാര്യ ചിന്നമ്മുഅമ്മയെയും മകൻ ജനാർദനനെയും മൊയാരത്തേക്ക് കൂട്ടിക്കൊണ്ടുവരാൻ അമ്മ ആവശ്യപ്പെട്ടതനുസരിച്ചാണ് 1948 മെയ് 11ന് മൊയാരം പുറപ്പെട്ടത്. ദീർഘകാലത്തെ ഒളിവുജീവിതത്തിനും ജയിൽവാസത്തിനുംശേഷം തറവാട്ടിലെത്തിയപ്പോഴാണ് അമ്മയുടെ സ്നേഹപൂർവമുള്ള അഭ്യർഥന. എടക്കാട് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങി, കോയ്യോട്ടേക്ക് നടന്നുപോകുമ്പോഴാണ് കമ്യൂണിസ്റ്റുകാരെ പിടിക്കാൻ കോൺഗ്രസ് നിയോഗിച്ച ദേശരക്ഷാ സമിതിക്കാർ മൊയാരത്തിനുമേൽ ചാടിവീണത്. ഒപ്പം, പൊലീസിന്റെ ലാത്തിയും ബൂട്ടും ആഞ്ഞുപതിച്ചു.

ചോരചിന്തി വീണുപിടഞ്ഞ മൊയാരത്തെ പൊലീസ്‌വാഹനത്തിലേക്ക് വലിച്ചെറിഞ്ഞു. കണ്ണൂർ പൊലീസ് ലോക്കപ്പിലും ഭീകരമർദനം. 12ന് കോടതിയിൽ ഹാജരാക്കിയശേഷം കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുപോയി. പിറ്റേന്ന്, മെയ് 13ന് മൊയാരത്ത് വീട്ടിൽ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ കമ്പിസന്ദേശമെത്തി. പരിക്കുകളോടെ ജയിലിലടക്കപ്പെട്ട മൊയാരത്ത് ശങ്കരൻ മരണപ്പെട്ടു. ആ കമ്യൂണിസ്റ്റ് വിപ്ലവകാരിയുടെ ജീവൻ കവർന്നെടുത്തവർ മൃതദേഹംപോലും കുടുംബത്തെയും നാട്ടുകാരെയും കാണിച്ചില്ല. കോൺഗ്രസിന്റെ വളർച്ചക്കായി ജീവിതംസമർപ്പിച്ച നേതാവിനെയാണ് അതേ കോൺഗ്രസിന്റെ ‘ധർമഭടന്മാർ’ പൈശാചികമായി അടിച്ചുകൊന്നത്.

പൊലീസ് അനാസ്ഥയെന്ന് സതീശൻ

പ്രത്യേക ലേഖകൻ

മുട്ടുചിറ (കോട്ടയം)

ഡോ. വന്ദന ദാസിന് ജീവൻ നഷ്ടമാകാൻ പൊലീസ് അനാസ്ഥ കാരണമായെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. വന്ദനയുടെ വീട്ടിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു സതീശൻ. ആരോഗ്യ മന്ത്രിയുടെ പ്രതികരണങ്ങളെയും വിമർശിച്ചു. പ്രതിയെ ആശുപത്രിയിലെത്തിച്ചപ്പോൾ ആക്രമണങ്ങൾ തടയാൻ ഒരു നടപടിയും മുൻകരുതലും പൊലീസ് സ്വീകരിച്ചില്ലെന്നും സതീശൻ ആരോപിച്ചു.

എസ്ആർഐടിയുടേത് ഭീഷണി സ്വരമെന്ന് ചെന്നിത്തല

കോഴിക്കോട്

എഐ കാമറ ആരോപണത്തിനെതിരെ എസ്ആർഐടി ഭീഷണിയുടെ സ്വരത്തിലാണ് സംസാരിക്കുന്നതെന്ന് രമേശ് ചെന്നിത്തല എംഎൽഎ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ‘കേസ് കൊടുക്കുമെന്നത് ഭീഷണിയുടെ സ്വരമാണ്. എസ്ആർഐടിയുടെ നിയമനടപടി സ്വാഗതം ചെയ്യുന്നു. സർക്കാർ കരാർ റദ്ദാക്കണം.’– അദ്ദേഹം പറഞ്ഞു.

ജോയിന്റ് കൗൺസിൽ

സംസ്ഥാന സമ്മേളനത്തിന് തുടക്കം

സ്വന്തം ലേഖകൻ

മലപ്പുറം

ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളന പ്രതിനിധി സമ്മേളനം തുടങ്ങി. എം ദിവാകരൻ നഗറിൽ (റോസ് ലോഞ്ച്) സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനംചെയ്തു. ജോയിന്റ് കൗൺസിൽ ചെയർമാൻ കെ ഷാനവാസ്ഖാൻ അധ്യക്ഷനായി. എഐടിയുസി ജനറൽ സെക്രട്ടറി കെ പി രാജേന്ദ്രൻ, സിപിഐ സംസ്ഥാന അസി. സെക്രട്ടറി പി പി സുനീർ, അഖിലേന്ത്യാ സ്റ്റേറ്റ് എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സി ആർ ജോസ്പ്രകാശ്, എഐഎസ്എഫ് സംസ്ഥാന സെക്രട്ടറി പി കബീർ, സർവീസ് പെൻഷനേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി സുകേശൻ ചൂലിക്കാട്, സി എ അനീഷ് എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ പി കെ കൃഷ്ണദാസ് സ്വാഗതം പറഞ്ഞു.

ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗൽ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ പി ഗോപകുമാർ വരവു ചെലവ് കണക്കും അവതരിപ്പിച്ചു. എം യു കബീർ രക്തസാക്ഷി പ്രമേയവും വി വി ഹാപ്പി അനുശോചന പ്രമേയവും അവതരിപ്പിച്ചു.

ജോയിന്റ് കൗൺസിൽ
എം. ദിവാകരൻ നഗർ

ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളന പ്രതിനിധി സമ്മേളനം സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു

‘ജനാധിപത്യം; ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ’ സെമിനാർ സിപിഐ ദേശീയ എക്സിക്യൂട്ടീവ് അംഗം കെ പ്രകാശ്ബാബു ഉദ്ഘാടനം ചെയ്തു. പി എസ് സന്തോഷ്കുമാർ അധ്യക്ഷനായി. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് വി ശശികുമാർ, കെപിസിസി ജനറൽ സെക്രട്ടറി ആര്യാടൻ ഷൗക്കത്ത്, ജി മോട്ടിലാൽ, നാരായണൻ കുഞ്ഞിക്കണ്ണോത്ത് എന്നിവർ സംസാരിച്ചു. എസ് സജീവ് സ്വാഗതം പറഞ്ഞു.

സുഹൃദ്സമ്മേളനം സത്യൻ മൊകേരി ഉദ്ഘാടനംചെയ്തു. എം എം നജീം അധ്യക്ഷനായി. എൻ അനന്തകൃഷ്ണൻ, ഡോ. വി എം ഹാരിസ്, എസ് സുധികുമാർ, വി വിനോദ്, വി ഒ ജോയി, ദീപുകുമാർ, പ്രൊഫ. ടി ജി ഹരികുമാർ എന്നിവർ സംസാരിച്ചു.

വെള്ളി പകൽ 11ന് വനിതാ സമ്മേളനം മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനംചെയ്യും. സാമൂഹ്യപ്രവർത്തക ടീസ്താ സെതൽവാദ് മുഖ്യാതിഥിയാകും. ശനിയാഴ്ച ‘കേരളം സൃഷ്ടിച്ച മാതൃകകൾ’ സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതോടെ സമ്മേളനം സമാപിക്കും.

9 മുസ്ലിംലീഗുകാർക്ക് 3 വർഷം തടവും പിഴയും

തിരൂർ

താനൂരിൽ പൊലീസിനെ ആക്രമിച്ച് പ്രതിയെ രക്ഷപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒമ്പത് മുസ്ലിംലീഗുകാർക്ക് മൂന്ന് വർഷം തടവും പിഴയും. താനൂർ കോർമൻ കടപ്പുറം ചെക്കിടിന്റെ പുരക്കൽ അലി, ചാപ്പപ്പടി സ്വദേശികളായ മാതീന്റെപുരക്കൽ ഹനീഫ, അലിക്കാന്റെ പുരക്കൽ ബഷീർ, മാളിയേക്കൽ അസ്കർ, മാതീന്റെപുരക്കൽ ഇസ്ഹാഖ്, കുച്ചിന്റെ പുരക്കൽ ഫൈസൽ, ചേക്കുമാടത്ത് ഷംസു, ചള്ളന്റെപുരക്കൽ അബ്ദുള്ളകോയ തങ്ങൾ, കൊറച്ചീന്റെ പുരക്കൽ ഫിർദൗസ് എന്നിവരെയാണ് തിരൂർ അഡീഷണൽ ജില്ലാ കോടതി ജഡ്ജി കൃഷ്ണകുമാർ ശിക്ഷിച്ചത്.

2016 ജൂലൈ 16നാണ് സംഭവം. നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംഘർഷമുണ്ടാക്കിയ ലീഗ് പ്രവർത്തകനെ പൊലീസ് അറസ്റ്റുചെയ്തിരുന്നു. ഈ പ്രതിയെ താനൂർ ചാപ്പപ്പടിയിൽവച്ച് എസ്ഐ സുമേഷ് സുധാകരനെയും സംഘത്തെയും ആക്രമിച്ച് മുസ്ലിംലീഗുകാർ മോചിപ്പിക്കുകയായിരുന്നു. പൊലീസ് ജീപ്പ് തകർക്കുകയും ചെയ്തു.

പ്രതിയെ അന്യായമായി മോചിപ്പിച്ചതിന് ആറുമാസവും പൊലീസുകാരെ പരിക്കേൽപ്പിച്ചതിന് രണ്ട് വർഷവും കൃത്യനിർവഹണം തടസ്സപ്പെടുത്തിയതിന് ഒരുവർഷവും പൊതുമുതൽ നശിപ്പിച്ചതിന് മൂന്ന് വർഷവുമാണ് ശിക്ഷ. പതിനായിരം രൂപവീതം പിഴയും. ഇതടച്ചില്ലെങ്കിൽ ആറുമാസം തടവും അനുഭവിക്കണം.

പൊലീസ് ആവശ്യപ്പെട്ടിട്ടും പിരിഞ്ഞുപോകാത്തതിനും ലഹള നടത്തിയതിനും ആറുമാസംവീതവും മാരകായുധങ്ങൾ ഉപയോഗിച്ചതിന് ഒരുവർഷവും തടവ് വിധിച്ചിട്ടുണ്ട്. ശിക്ഷകൾ ഒന്നിച്ച് അനുഭവിച്ചാൽ മതി. കേസിൽ പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ടി പി അബ്ദുൽ ജബ്ബാർ ഹാജരായി.